**കേരള സർക്കാർ**

സംഗ്രഹം

കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ ഫിനാൻസ് ഓഫീസറുടെ പേരിൽ നിയമസഭാ സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **7010/2017/ധന.** തിരുവനന്തപുരം, തീയതി **14.09.2017**

---

പരാമർശം - കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ സെക്രട്ടറിയുടെ 11.08.2017 ലെ 21955/എസി. എഫ് 1//2017/നി.സെ നമ്പരായുള്ള കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡെവലപ്മെന്റ് പ്രോഗ്രാം 2016-17 ന്റെ ഭാഗമായ "Project based institutional cultivatiion" എന്ന പദ്ധതി പ്രകാരം നിയമസഭാ സെക്രട്ടേറിയറ്റിന് അനുവദിച്ച തുക നിക്ഷേപിക്കുന്നതിനുവേണ്ടിയും സമാന പദ്ധതികൾ പ്രകാരം ഭാവിയിൽ ലഭ്യമാകാവുന്ന ഫണ്ടുകൾ നിക്ഷേപിക്കുന്നതിനും വിനിയോഗിക്കുന്നതിനുമായി കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ ഫിനാൻസ് ഓഫീസറുടെ പേരിൽ നിയമസഭാ സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ സെക്രട്ടറി പരാമർശ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ ഫിനാൻസ് ഓഫീസറുടെ പേരിൽ നിയമസഭാ സബ് ട്രഷറിയിൽ 31.03.2018 വരെ കാലാവധിയുള്ള ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 033.
സബ് ട്രഷറി ഓഫീസർ, നിയമസഭാ സെക്രട്ടേറിയറ്റ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ